**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2999** **03-08-2021 - ൽ മറുപടിയ്ക്ക്**

**സഞ്ചരിക്കുന്ന മൃഗാശുപത്രികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | **Smt J Chinchurani**<br>**(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സഞ്ചരിക്കുന്ന മൃഗാശുപത്രികൾ ഏതെല്ലാം തരത്തിലുള്ള സേവനങ്ങളാണ് ഇപ്പോൾ കർഷകർക്ക് ലഭ്യമാക്കിക്കൊണ്ടിരിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | വകുപ്പിനു കീഴിൽ കൊല്ലം ജില്ലയിൽ ഒരു മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. കർഷകർക്ക് വീട്ടുപടിക്കൽ ചികിത്സ നൽകുന്നതിനായി ആവശ്യമായ മരുന്നുകളും ultra sound scanner, mobile X ray unit, Animal Lifting device എന്നീ സൗകര്യങ്ങളും ഈ യൂണിറ്റിൽ ഉണ്ട്. രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ ആണ് ഈ യൂണിറ്റ് പ്രവർത്തിക്കുന്നത്. ഇതിനായി 2 വെറ്റിനറി സർജൻമാർ, 2 ഡ്രൈവർമാർ, 2 അറ്റന്റന്റ്മാർ, ഒരു X Ray technician എന്നിവരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇതിനു പുറമെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ ജില്ലകളിൽ ജില്ലാ വെറ്ററിനറി കേന്ദ്രത്തോട് ചേർന്ന് മൊബൈൽ മൃഗാശുപത്രികൾ പ്രവർത്തിച്ചു വരുന്നു. ഇവ കൂടാതെ എറണാകുളം, ഇടുക്കി, കോട്ടയം, വയനാട്, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിൽ മൊബൈൽ ഫാം എയ്ഡ് യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ക്ഷീരസംഘങ്ങളുടെ സഹായത്തോടെ ചികിത്സാ ക്യാമ്പുകൾ നടത്തുക, യാത്ര സൗകര്യം കുറവായ പ്രദേശങ്ങളിലെ കർഷകരെ സഹായിക്കുന്നതിനായി ക്യാമ്പ് ഡിസ്പെൻസറികൾ സംഘടിപ്പിക്കുക, കർഷകർക്ക് ആവശ്യമായ ബോധവത്കരണ ക്യാമ്പുകൾ, വാക്സിനേഷൻ ക്യാമ്പുകൾ എന്നിവയും ഈ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്നു. ആലപ്പുഴ ജില്ലയിലെ ഭൂപ്രകൃതി കണക്കിലെടുത്ത് മൃഗാശുപത്രിയുടെ സേവനം എല്ലാ കർഷകർക്കും ലഭ്യമാക്കണമെന്ന ഉദ്ദേശത്തോടെ ഒരു സഞ്ചരിക്കുന്ന മോട്ടോർ ബോട്ട് വെറ്ററിനറി ഹോസ്പിറ്റലും പ്രവർത്തിക്കുന്നു. |
| (ബി) | ഓരോ ബ്ലോക്ക് കേന്ദ്രങ്ങളിലും ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തോടെ 24 മണിക്കൂറും | (ബി) | വകുപ്പിന്റെ കീഴിൽ RKI പദ്ധതി പ്രകാരം കണ്ണൂർ, എറണാകുളം എന്നീ ജില്ലകളിൽ ഫോഴ്സ് ട്രാവലർ |

| | | | |
|---|---|---|---|
| | പ്രവർത്തിക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; | | ആംബുലൻസിൽ 2 ടെലി വെറ്ററിനറി യൂണിറ്റുകൾ പ്രവർത്തന സജ്ജമാകുന്നുണ്ട്. ക്ഷീരകർഷകർക്ക് വീട്ടുപടിക്കൽ സേവനം ലഭ്യമാക്കുന്നതാണ്. ചികിത്സാ രംഗത്തെ ആധുനിക ഉപകരണങ്ങളായ അൾട്രാ സൗണ്ട് യൂണിറ്റ്, പോർട്ടബിൾ X- റേ യൂണിറ്റ്, ടേബിൾ ടോപ്പ് സ്റ്റെറിലൈസർ, ടെലി മെഡിസിൻ, computer with tele medidcine software, High resolution web camera, Animal Lifting Device and standing support, റെഫ്രിജറേറ്റർ തുടങ്ങിയവ ടെലിവെറ്ററിനറി യൂണിറ്റിൽ സജ്ജീകരിച്ചിട്ടുണ്ട്. ഇതിന്റെ സേവനം ഉടൻ തന്നെ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നതാണ്. കൂടാതെ RKI പദ്ധതി പ്രകാരം സംസ്ഥാനത്ത് 12 ടെലി വെറ്ററിനറി യൂണിറ്റ് തുടങ്ങുന്നതിനായുള്ള പ്രൊപ്പോസൽ സജീവ പരിഗണനയിലാണ്. |
| (സി) | നിലവിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിൽ ഓൺലൈൻ ചികിത്സാസൗകര്യം ലഭ്യമാണോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | നിലവിൽ ഓൺലൈൻ ചികിത്സാസൗകര്യം ലഭ്യമല്ല. ആരോഗ്യ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള ടെലി മെഡിസിൻ സംവിധാനമായ ഇ- സഞ്ജീവനി ഒപിഡി മാതൃകയിൽ മൃഗസംരക്ഷണ വകുപ്പിലും ഒരു ടെലി വെറ്ററിനറി ഒപിഡി നടപ്പിലാക്കുന്നതിനായുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ